REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-12-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൽ ഏഴ് ജില്ലകളിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. അഞ്ചു മണിക്കൂർ പിന്നിട്ടപ്പോൾ പോളിംഗ് 39 ശതമാനത്തോളം.**
- **രണ്ടാംഘട്ടത്തിന്റെ പരസ്യപ്രചാരണം വൈകിട്ട് ആറിന് അവസാനിക്കും. തൃശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകളിൽ വ്യാഴാഴ്ചയാണ് വോട്ടെടുപ്പ്.**
- **ലോക്സഭയിൽ പ്രത്യേക വോട്ടർപട്ടിക പരിഷ്കരണ ചർച്ച അല്പസമയത്തിനകം തുടങ്ങും.**
- **വിമാനത്താവളങ്ങളിലെ സർവീസുകളും യാത്രക്കാർക്ക് ഏർപ്പെടുത്തിയ സൗകര്യങ്ങളും നേരിൽ പരിശോധിക്കാൻ സിവിൽ വ്യോമയാന മന്ത്രാലയം, മുതിർന്ന ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി**
- **ഇന്ത്യ - ദക്ഷിണാഫ്രിക്ക അഞ്ച് മത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് കട്ടക്കിൽ തുടക്കം.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 39 ശതമാനത്തോളമാണ് ശരാശരി പോളിംഗ്. എറണാകുളത്ത് 41.24 ശതമാനവും ആലപ്പുഴയിൽ 41.18 ശതമാനവും പോളിംഗ് രേഖപ്പെടുത്തി. തിരുവനന്തപുരത്താണ് ഏറ്റവും കുറഞ്ഞ പോളിംഗ് ശതമാനം. 36.14 .

തിരുവനന്തപുരം മുതൽ എറണാകുളം വരെ ഏഴ് ജില്ലകളിലാണ് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ്.

രാവിലെ ഏഴിന് വോട്ടെടുപ്പ് ആരംഭിച്ചു. വൈകിട്ട് ആറ് വരെയാണ് വോട്ടെടുപ്പ്. വൈകിട്ട് ആറിന് ക്യൂവിൽ നിൽക്കുന്ന എല്ലാവർക്കും വോട്ട് ചെയ്യാൻ അവസരം നൽകും. എഴ് ജില്ലകളിലെ 595 തദ്ദേശ സ്ഥാപനങ്ങളിലേക്കാണ് വോട്ടെടുപ്പ് പുരോഗമിക്കുന്നത്. മൂന്ന് കോർപ്പറേഷനുകൾ, 39 മുനിസിപ്പാലിറ്റികൾ, ഏഴ് ജില്ലാ പഞ്ചായത്തുകൾ, 75 ബ്ലോക്ക് പഞ്ചായത്തുകൾ, 471 ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലേക്കാണ് ജനങ്ങൾ വിധിയെഴുതുന്നത്.

✪✪✪

വോട്ടെടുപ്പിന് 15,432 പോളിംഗ് സ്റ്റേഷനുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇവയിൽ 480 എണ്ണം പ്രശ്നബാധിത ബൂത്തുകളായി റിപ്പോർട്ട് ചെയ്തവയാണ്.

ആറു മണിക്ക് ക്യൂവിൽ നിൽക്കുന്ന വോട്ടർമാർക്ക് പ്രിസൈഡിംഗ് ഓഫീസർ ഒപ്പിട്ടു നൽകുന്ന സ്ലിപ്പുകൾ നൽകും. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും വോട്ടെടുപ്പ്.

✪✪✪

ഇന്നത്തെ വോട്ടെടുപ്പിൽ ഒരു കോടി 32 ലക്ഷത്തി 83,789 വോട്ടർമാരും, 36,630 സ്ഥാനാർത്ഥികളുമുണ്ട്. 595 തദ്ദേശസ്ഥാപനങ്ങളാണ് ഈ ഘട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

✪✪✪

മലപ്പുറം മൂത്തേടം ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡായ പായ്പ്പാടം, തിരുവനന്തപുരം കോർപറേഷനിലെ വിഴിഞ്ഞം വാർഡ്, എറണാകുളത്തെ പാമ്പാക്കുട പഞ്ചായത്ത് പത്താം വാർഡ് എന്നിവിടങ്ങളിൽ സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് ആ സീറ്റുകളിലെ വോട്ടെടുപ്പ് മാറ്റിവെച്ചു. എന്നാൽ ജില്ലാ, ബ്ലോക്ക് ഡിവിഷൻ വോട്ടെടുപ്പിൽ മാറ്റമില്ല.

പുതിയ തീയതി നിശ്ചയിച്ച് വിജ്ഞാപനം ഇറക്കാൻ വരണാധികാരികൾക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ഇനി തിരഞ്ഞെടുപ്പ് നടക്കുമ്പോൾ നിലവിലെ സ്ഥാനാർത്ഥികൾ വീണ്ടും നാമനിർദ്ദേശപത്രിക നൽകേണ്ടതില്ല.

✪✪✪

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ തിരുവനന്തപുരം ജവഹർ നഗർ LP സ്കൂളിലെ അഞ്ചാം നമ്പർ ബൂത്തിൽ വോട്ട് രേഖപ്പെടുത്തി. മന്ത്രി P രാജീവ് എറണാകുളം കളമശ്ശേരി സെന്റ് പോൾ കോളജിൽ വോട്ട് ചെയ്തു.

മന്ത്രിമാരായ സജി ചെറിയാൻ ആലപ്പുഴ മുളക്കുഴ പഞ്ചായത്ത് 11-ാം വാർഡിലും, മന്ത്രി റോഷി അഗസ്റ്റിൻ ഇടുക്കി വാഴത്തോപ്പ് ഗവ. LP സ്കൂളിലും വോട്ട് ചെയ്തു. തിരുവനന്തപുരം ഫോർട്ട് വാർഡിലെ ബൂത്തിൽ മന്ത്രി V ശിവൻകുട്ടിയും വോട്ട് രേഖപ്പെടുത്തി.

കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ, CPIM ജനറൽ സെക്രട്ടറി MA ബേബി, പ്രതിപക്ഷനേതാവ് VD സതീശൻ, മുതിർന്ന കോൺഗ്രസ് നേതാക്കളായ KC വേണുഗോപാൽ, K മുരളീധരൻ തുടങ്ങിയവരും വോട്ട് രേഖപ്പെടുത്തി.

മുൻ മന്ത്രി PJ ജോസഫ് ഇടുക്കി ജില്ലയിലെ പുറപ്പുഴ പഞ്ചായത്ത് ഗവൺമെന്റ് LP സ്കൂളിലാണ് വോട്ട് രേഖപ്പെടുത്തിയത്. MM മണി MLA 20ഏക്കർ സെർവ് ഇന്ത്യ LP സ്കൂളിലെ രണ്ടാം നമ്പർ ബൂത്തിൽ വോട്ട് ചെയ്തു.

✪✪✪

രണ്ടാംഘട്ടത്തിന്റെ പരസ്യപ്രചാരണം വൈകിട്ട് ആറിന് അവസാനിക്കും. തൃശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകളിൽ വ്യാഴാഴ്ചയാണ് വോട്ടെടുപ്പ്.

പരസ്യ പ്രചാരണത്തിന്റെ സമാപനത്തിലെ കലാശക്കൊട്ടിൽ ക്രമസമാധാന പ്രശ്നങ്ങളുണ്ടാകാതെ ശ്രദ്ധിക്കണമെന്ന് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അഭ്യർത്ഥിച്ചു. മാതൃകാ പെരുമാറ്റ ചട്ടവും ഹരിതചട്ടവും പാലിക്കുന്നുണ്ടെന്ന് സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളും ഉറപ്പുവരുത്തണമെന്നും അവർ നിർദ്ദേശിച്ചു.

✪✪✪

ലോക്സഭയിൽ പ്രത്യേക വോട്ടർപട്ടിക പരിഷ്കരണ ചർച്ച അല്പസമയത്തിനകം തുടങ്ങും. 10 മണിക്കൂറാണ് ചർച്ചക്ക് സമയം അനുവദിച്ചത്. പ്രതിപക്ഷത്ത് നിന്ന് രാഹുൽ ഗാന്ധിയാണ് ചർച്ചയ്ക്ക് തുടക്കമിടുക. നിയമമന്ത്രി അർജ്ജുൻ റാം മെഘ്‌വാൾ ചർച്ചയ്ക്ക് മറുപടി പറയും. രാജ്യസഭയിൽ വന്ദേമാതരത്തിന്റെ 150-ാം വാർഷികം സംബന്ധിച്ച ചർച്ചയും ഇന്ന് തുടങ്ങും. ആഭ്യന്തരമന്ത്രി അമിത് ഷാ ചർച്ചക്ക് തുടക്കമിടുമെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു അറിയിച്ചു.

✪✪✪

ദേശീയ കരകൗശല അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ വിതരണം ചെയ്യുന്നു. രാജ്യത്തിന്റെ കരകൗശല പൈതൃകം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കാനുമാണ് ടെക്സ്റ്റൈൽസ് മന്ത്രാലയം പുരസ്കാരം ഏർപ്പെടുത്തിയത്.

✪✪✪

ഇന്ത്യയുടെ ആത്മീയവും സാംസ്കാരികവുമായ ജീവിതത്തിൽ സംസ്കൃത ഭാഷയ്ക്ക് ശാശ്വതമായ പ്രസക്തിയുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. മൂല്യങ്ങളും സംസ്കാരങ്ങളും ഇഴചേർത്ത് ദൂരദർശൻ അവതരിപ്പിക്കുന്ന സുപ്രഭാതം പരിപാടിയിൽ സംസ്കൃതത്തിന് വലിയ പ്രാധാന്യമുണ്ടെന്നും പ്രധാനമന്ത്രി ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

ദേശീയ ജനാധിപത്യ സഖ്യത്തിന്റെ പാർലമെന്ററി പാർട്ടി യോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. GMC ബാലയോഗി ഓഡിറ്റോറിയത്തിലാണ് യോഗം ചേർന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, BJP ദേശീയ അധ്യക്ഷൻ JP നദ്ദ, തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. കൂടാതെ കേന്ദ്രമന്ത്രിമാരും MP മാരും പങ്കെടുത്തു. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ സഖ്യത്തിന്റെ നേതൃത്വം നൽകിയ പ്രധാനമന്ത്രി നരേന്ദ്രമോദിയെ MPമാർ അഭിനന്ദിച്ചു.

✪✪✪

രാജ്യത്തെ മൊത്ത ഭക്ഷ്യോൽപ്പാദനം 357 ദശലക്ഷം ടണ്ണിൽ കൂടുതലാണെന്ന് കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു. കഴിഞ്ഞ വർഷത്തേക്കാൾ 7.65 ശതമാനം കൂടുതലാണിത്. കർഷകരുടെ കഠിനാദ്ധ്വാനവും കേന്ദ്രനയങ്ങളും മൂലമാണ് ഭക്ഷ്യോത്പാദനം വർദ്ധിച്ചതെന്ന് ലോക്സഭയിൽ ചോദ്യോത്തരവേളയിൽ കേന്ദ്രമന്ത്രി പറഞ്ഞു. ഈ സാമ്പത്തിക വർഷം ഏറ്റവും ഉയർന്ന വിള ഉത്പാദനം രേഖപ്പെടുത്തിയതായും പത്തുവർഷത്തെ അപേക്ഷിച്ച് ഭക്ഷ്യോത്പാദനം ഏകദേശം 42 ശതമാനം വർദ്ധിച്ചതായും ശിവരാജ് സിംഗ് ചൗഹാൻ വ്യക്തമാക്കി.

✪✪✪

പത്ത് വർഷത്തിനിടയിൽ രാജ്യത്തെ ക്ഷയരോഗ ബാധ 21 ശതമാനം കുറഞ്ഞതായി കേന്ദ്രമന്ത്രി JP നദ്ദ പറഞ്ഞു. ഈ കണക്ക് ആഗോള നിരക്കിന്റെ ഇരട്ടിയാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ലോകാരോഗ്യ സംഘടനയുടെ 2025-ലെ ക്ഷയരോഗ റിപ്പോർട്ട് അനുസരിച്ച് രാജ്യം 90 ശതമാനം ചികിത്സാ വിജയനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെന്നും നദ്ദ അറിയിച്ചു.

✪✪✪

ദിത്വ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയ്ക്ക് ഓപ്പറേഷൻ സാഗർ ബന്ധുവിന്റെ ഭാഗമായി ഇന്ത്യൻ സൈന്യം മാനുഷിക സഹായം തുടർന്നും നൽകിവരികയാണ്. ശ്രീലങ്കയുടെ റോഡ് വികസന അതോറിറ്റിയെ സഹായിക്കുന്നതിനും, ജാഫ്നയിലെ തകർന്ന പുളിയംപൊക്കനായി പാലം പുനർ നിർമ്മിക്കുന്നതിനും സൈന്യം പിന്തുണ നൽകുന്നതായും രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു. ഈ മാസം 13ന് ആദ്യത്തെ ബെയ്‌ലി പാലം ശ്രീലങ്കയിൽ ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

വിമാനത്താവളങ്ങളിലെ സർവീസുകളും യാത്രക്കാർക്ക് ഏർപ്പെടുത്തിയ സൗകര്യങ്ങളും നേരിൽ പരിശോധിക്കാൻ സിവിൽ വ്യോമയാന മന്ത്രാലയം, മുതിർന്ന ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. പരിശോധനയിൽ കണ്ടെത്തുന്ന അപര്യാപ്തതകൾ എത്രയും വേഗം പരിഹരിക്കാനും നിർദേശമുണ്ടെന്ന് മന്ത്രാലയം സാമൂഹ്യമാധ്യമ കുറിപ്പിൽ അറിയിച്ചു. ന്യൂഡൽഹിയിൽ സിവിൽ വ്യോമയാന മന്ത്രി K രാംമോഹൻ നായിഡുവിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല അവലോകന യോഗത്തിലാണ് തീരുമാനം.

✪✪✪

രാജ്യത്തെ വിമാന സർവീസിലെ പ്രതിസന്ധി വളരെ പെട്ടന്ന് പരിഹരിച്ച് വരികയാണെന്ന് കേന്ദ്രവ്യോമയാന മന്ത്രി K രാം മോഹൻ നായിഡു ലോക്‌സഭയെ അറിയിച്ചു. ഇൻഡിഗോ മാത്രമാണ് പ്രശ്നങ്ങൾക്ക് കാരണമായതെന്നും അദ്ദേഹം വ്യക്തമാക്കി. ഭാവിയിൽഇത്തരം കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കാൻ ദീർഘകാല നടപടികൾ ഗവൺമെന്റ് സ്വീകരിച്ച് വരികയാണെന്നും രാം മോഹൻ നായിഡു പറഞ്ഞു.

✪✪✪

രാജ്യത്തെ വിമാന സർവീസുകൾ സാധാരണ നിലയിലെത്തിയതായി സിവിൽ ഏവിയേഷൻ സെക്രട്ടറി സമീർ കുമാർ സിൻഹ അറിയിച്ചു. ഇൻഡിഗോ ഇന്നലെ 1,800 ലധികം വിമാന സർവീസ് നടത്തിയതായും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ആകാശ, എയർ ഇന്ത്യ എക്സ്പ്രസ്സ്, സ്പൈസ് ജെറ്റ് എന്നിവ ഉൾപ്പെടെ എല്ലാ വിമാന കമ്പനികളും പൂർണ്ണ ശേഷിയിൽ സർവീസ് നടത്തിയെന്നും സമീർ കുമാർ സിൻഹ അറിയിച്ചു.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക അഞ്ച് മത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും. പരമ്പരയിലെ ആദ്യ മത്സരത്തിൽ വൈകിട്ട് ഏഴിന് കട്ടക്കിലെ ബാരാബതി സ്റ്റേഡിയത്തിൽ ഇരു ടീമുകളും ഏറ്റുമുട്ടും. സൂര്യകുമാർ യാദവ് നയിക്കുന്ന ടീമിൽ പരിക്കേറ്റ് വിശ്രമത്തിലായിരുന്ന ശുഭ്മാൻ ഗിൽ ഇന്ന് കളിച്ചേക്കും. എയ്ഡൻ മർക്രാം ക്യാപ്റ്റനായ ദക്ഷിണാഫ്രിക്കൻ ടീമിൽ ഡേവിഡ് മില്ലറും, റീസ ഹെൻഡ്രിക്സും ക്രീസിലിറങ്ങും.

ട്വന്റി-20 ക്രിക്കറ്റിൽ 31 തവണ ഇന്ത്യയും ദക്ഷിണാഫ്രിക്കയും ഏറ്റുമുട്ടിയപ്പോൾ 18 എണ്ണത്തിൽ വിജയം ഇന്ത്യയ്ക്കായിരുന്നു.

✪✪✪

FIH ജൂനിയർ വനിതാ ഹോക്കി ലോകകപ്പിൽ ഇന്ന് ഇന്ത്യ ഉറുഗ്വേയെ നേരിടും. ചിലിയിലെ സാന്റിയാഗോയിൽ ഇന്ത്യൻ സമയം രാത്രി പത്തിന് മത്സരം ആരംഭിക്കും.

✪✪✪

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ അടുത്ത വർഷത്തെ കളിക്കാരുടെ ലേല പട്ടികയ്ക്ക് അന്തിമ രൂപമായി. ഈ മാസം 16ന് അബുദാബിയിലാണ് ലേലം. 350 കളിക്കാരുടെ പട്ടികയാണ് IPL തയ്യാറാക്കിയത്.

✪✪✪

സ്വർണവില ഇന്ന് പവന് 240 രൂപ കുറഞ്ഞ് 95,400 രൂപയായി. ഗ്രാമിന് 11,925 രൂപയാണ് ഇന്നത്തെ വില.

✪✪✪

കേരളസർവകലാശാല മൈക്രോ എവിഡൻസ് ഓൺ ഇന്നൊവേഷൻ ആന്റ് ഡെവലപ്മെന്റ് കോൺഫറൻസ് 2025 മറ്റന്നാൾ കാര്യവട്ടത്തെ കേരളസർവകലാശാല ക്യാമ്പസിൽ ആരംഭിക്കും. ഈ മാസം 12 വരെയാണ് കോൺഫറൻസ്. കേരളസർവകലാശാല വൈസ് ചാൻസലർ പ്രൊഫ. മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRTs: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*